Sunday
Vol. 14 No. 12
CYCLE - C
വെർബും ദോമിനി
VERBUM DOMINI
ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ
2025 ഫെബ്രുവരി 09

## ആണ്ടുവട്ടത്തിലെ അഞ്ചാം ഞായർ

# ജീവിതവല നിറയ്ക്കുന്നവൻ

ഫാ. തോമസ് കളത്തിൽ



**ആ**രാണ് താൻ ഇതുവരെ ചെയ്തിരുന്ന ജോലി ഉപേക്ഷിക്കാൻ തയ്യാറാകുന്നത്? പ്രത്യേകിച്ച്, ആ തൊഴിലിൽ അത്ഭുതകരമായ വിജയം നേടികൊണ്ടിരിക്കുമ്പോൾ എന്തിനാണ് മനുഷ്യർ മറ്റെന്തോ തേടിപ്പോകുന്നത്? അതിന് പല കാരണങ്ങളുമുണ്ടാകാം: ആ ജോലിയോടുള്ള മടുപ്പ്, അല്ലെങ്കിൽ അതിലും മെച്ചപ്പെട്ട ഒന്ന് കണ്ടെത്താൻ, കൂടുതൽ ലാഭം, കുറഞ്ഞ അധ്വാനം... അങ്ങനെ പലതുമാകാം.

പത്രോസ് യേശുവിനെ അനുഗമിക്കുന്നതും വളരെ പെട്ടെന്നാണ്; അതും വള്ളം നിറയെ മീനുകളുമായി വഞ്ചി കരയ്ക്ക് അടുപ്പിച്ച ശേഷം. ഇങ്ങനെ ചെയ്യാൻ പത്രോസിനെ പ്രേരിപ്പിച്ചത് തീവ്രമായ അനുഭവമായിരിക്കാം: വല കീറത്തക്കവിധം മത്സ്യം ലഭിച്ച ആ മനുഷ്യൻ അവിടെ കണ്ടത് പിടയ്ക്കുന്ന മീനുകളല്ല, അർഹിക്കുന്നതിലും കൂടുതൽ തനിക്കു നൽകിയ ദൈവത്തിന്റെ കരുതലും സാന്നിധ്യവുമാണ്.

പത്രോസ് വഞ്ചിയും വലയും ഉപേക്ഷിച്ചു എന്നതാണ് നമ്മുടെ മനസ്സിൽ തെളിയുന്ന ചിത്രം. എന്നാൽ 'ഉപേക്ഷിച്ചു' എന്ന് പറയുന്നത് അത്ര ശരിയല്ല എന്ന് കരുതണം. ദേവാലയത്തിലെ കരം കൊടുക്കാനായി മീൻപിടിക്കുന്നതും, ക്രിസ്തുവിന്റെ ഉയർപ്പിനു ശേഷം കൂട്ടരോടൊപ്പം വഞ്ചിയിറക്കുന്നതും സുവിശേഷത്തിൽ നാം വായിക്കുന്നുണ്ട്. അതായത് പത്രോസും കൂട്ടരും തൽക്കാലം തങ്ങളുടെ ജോലിസാമഗ്രികൾ അവിടെ വിട്ടിട്ട് ക്രിസ്തുവിനെ അനുഗമിക്കുന്നു. അങ്ങനെ വേണം മനസ്സിലാക്കാൻ.

ക്രിസ്തുവിനെ കണ്ടുമുട്ടുന്ന പത്രോസ് സന്തോഷത്തിന്റെ പാരമ്യത്തിൽ ഒരു പ്രത്യേക അവസ്ഥയിലായിരുന്നു. തനിക്ക് ലഭിച്ച ഈ മത്സ്യ സമ്പത്തിനു കാരണം തീർച്ചയായും ക്രിസ്തുവിന്റെ സാന്നിധ്യമാണെന്ന് അവൻ മനസ്സിലാക്കുകയും, ഏറെ കുറവുകളുള്ളവനാണ് താനെന്ന് തിരിച്ചറിയുകയും ചെയ്യുന്നു. യേശുവിന്റെ കൂടെ കൂടിയാൽ കുറവുകളുള്ള തന്റെ ജീവിതം നിറവുള്ളതാക്കി മാറ്റുവാൻ അവന് സാധിച്ചേക്കാം എന്നുള്ള ചിന്തയും പത്രോസിന്റെ മാറ്റത്തിനു കാരണമായിട്ടുണ്ടാകാം.

ജീവിതത്തിൽ ലക്ഷ്യങ്ങൾ നേടിയ മനുഷ്യർ പല തരമാണല്ലോ. പരിശ്രമത്തിന്റെയും, കഠിനാധ്വാനത്തിന്റെയും 'വല' നിറഞ്ഞ വിജയമാഘോഷിക്കുന്നവർ കൂടുതൽ വിജയങ്ങൾ നേടാൻ വീണ്ടും ശ്രമിക്കും. മറ്റു ചിലരാകട്ടെ, ലക്ഷ്യം കണ്ടുകഴിഞ്ഞ് അടുത്ത ലക്ഷ്യം തേടിയുള്ള യാത്രയിലുമാകും. പുതിയ അനുഭവങ്ങൾ തേടുന്നവരെപ്പോലെ അങ്ങനെ പത്രോസ് യേശുവിനെ അനുഗമിക്കുന്നു. മത്സ്യം നിറഞ്ഞ് കീറിപ്പോകാറായ വല ഇനി അയാൾക്ക് വേണ്ട. ക്രിസ്തുവാണ്, അവന്റെ സ്നേഹമാണ് അയാളുടെ പുതിയ വല. അതുകൊണ്ട് അയാൾ അനേകായിരങ്ങളെ നേടും. ഉപയോഗിച്ച് പഴകിയ ആ വഞ്ചിയും ഇനി അയാൾക്ക് വേണ്ട. ആത്മീയതയുടെ മഹാനൗകയെന്ന പുതിയതും, വലുതുമായ സാധ്യതയിലേക്ക് ക്രിസ്തു അയാളെ ക്ഷണിക്കുന്നു. പിന്നീട് അതിന്റെ അമരക്കാരനായി ക്രിസ്തുതന്നെ അയാളെ പ്രതിഷ്ഠിക്കുന്നു. അതേ, ചെറുവഞ്ചിയും കീറിയ വലയും വിട്ടവൻ നേടുന്നത് ക്രിസ്തുവെന്ന പുതിയ അനുഭവമായിരുന്നു. അതായിരുന്നു അയാളുടെ അസാമാന്യ ധൈര്യത്തിന് ദൈവം നൽകിയ സമ്മാനം.

ഈ സമയം നമ്മുടെ അവസ്ഥയെപ്പറ്റിയുള്ള വിചിന്തനം അവശ്യം ആവശ്യമാണെന്ന് പത്രോസ് നമ്മെ ഓർമ്മിപ്പിക്കുന്നു. മാറ്റേണ്ടത് എന്തെന്ന് തിരിച്ചറിയാനുള്ള തിരിച്ചറിവ് നമുക്കുണ്ടോ? അതോ, "കീറിപ്പോകാറായ വല"യുമായിട്ടാണോ നമ്മുടെ യാത്ര? ദൈവീകമായതും മെച്ചപ്പെട്ടതും തേടി പോകുവാനും, തിരിച്ചറിയുവാനും, അതിനുവേണ്ടി പഴയതിനെയെല്ലാം ഉപേക്ഷിക്കുവാനുമുള്ള ചങ്കൂറ്റം നമുക്കുണ്ടോ? എങ്കിൽ തീർച്ചയായും പത്രോസിനെപ്പോലെ നമുക്കും ക്രിസ്തു അനുഭവത്തിൽ വളരാനാകും. അതിനു ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**ആമുഖം** പ്രിയമുള്ളവരെ, ഇന്നത്തെ സുവിശേഷത്തിൽ ഗനേസറത്ത് തടാകത്തിന്റെ തീരത്ത് നിന്ന യേശു, അവിടെയുണ്ടായിരുന്ന വള്ളങ്ങളിലൊന്നിൽ കയറിയിരുന്ന് ജനങ്ങളെ പഠിപ്പിക്കുന്നതും, അതിനുശേഷം കടലിന്റെ ആഴവും ഓരോ ചലനവുമറിയുന്ന ശിമയോനോട് ആഴത്തിലേയ്ക്ക് നീക്കി വല യെറിയാൻ ആവശ്യപ്പെടുന്നതും, യേശുവിൽ വിശ്വസിച്ചുകൊണ്ട് വലയിറക്കിയപ്പോൾ വള്ളം മുങ്ങാറാകുവോളം മത്സ്യം ലഭിക്കുന്നതും, അവസാനം താൻ പാപിയാണെന്നേറ്റുപറഞ്ഞ പത്രോസിനെ തന്നെ അനുഗമിക്കുവാനായി ക്ഷണിക്കുന്ന യേശുനാഥനെയുമാണ് നാം കാണുന്നത്. യേശുവിന്റെ പ്രബോധനം ശ്രവിച്ച പത്രോസ് യേശുവിൽ വിശ്വസിച്ചപ്പോഴാണ് അവിടെ അത്ഭുതങ്ങൾ സംഭവിച്ചത്. അനുദിനം കർത്താവിന്റെ വിരുന്നിൽ പങ്കുകൊണ്ട് അവിടുത്തെ വചനം ശ്രവിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന നമുക്കും ആ വചനത്തെ ആഴത്തിൽ വിശ്വസിക്കുവാനും, ജീവിതത്തിൽ പരിവർത്തനങ്ങൾ വരുത്തുവാനും ശ്രമിക്കാം. അപ്പോൾ നമ്മുടെ ജീവിതത്തിലും അത്ഭുതങ്ങൾ സംഭവിക്കും. ഈ കൃപാവരങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട് ബലിയർപ്പണത്തിനായി നമുക്കൊരുങ്ങാം.

## ഒന്നാം വായന

### ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽനിന്ന് (6 : 1-2a, 3-8)

*(ഇതാ ഞാൻ! എന്നെ അയച്ചാലും!)*

ഉസിയാരാജാവു മരിച്ച വർഷം കർത്താവ് ഉന്നതമായ ഒരു സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നതു ഞാൻ കണ്ടു. അവിടുത്തെ വസ്ത്രാഞ്ചലം ദേവാലയം മുഴുവൻ നിറഞ്ഞുനിന്നു. അവിടുത്തെ ചുറ്റും സെറാഫുകൾ നിന്നിരുന്നു. അവ പരസ്പരം ഉദ്ഘോഷിച്ചു കൊണ്ടിരുന്നു : പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ. ഭൂമി മുഴുവൻ അവിടുത്തെ മഹത്വം നിറഞ്ഞിരിക്കുന്നു. അവയുടെ ശബ്ദഘോഷത്താൽ പൂമുഖത്തിൻെറ അടിസ്ഥാനങ്ങൾ ഇളകുകയും ദേവാലയം ധൂമപൂരിതമാവുകയും ചെയ്തു. ഞാൻ പറഞ്ഞു: എനിക്കു ദുരിതം! ഞാൻ നശിച്ചു. എന്തെന്നാൽ, ഞാൻ അശുദ്ധമായ അധരങ്ങളുള്ളവനും അശുദ്ധമായ അധരങ്ങളുള്ളവരുടെ മധ്യേ വസിക്കുന്നവനുമാണ്. എന്തെന്നാൽ, സൈന്യങ്ങളുടെ കർത്താവായ രാജാവിനെ എൻെറ നയനങ്ങൾ ദർശിച്ചിരിക്കുന്നു. അപ്പോൾ സെറാഫുകളിലൊന്ന് ബലിപീഠത്തിൽനിന്ന് കൊടിൽ കൊണ്ട് എടുത്ത ഒരു തീക്കനലുമായി എൻെറയടുത്തേക്കു പറന്നു വന്നു. അവൻ എൻെറ അധരങ്ങളെ സ്പർശിച്ചിട്ടു പറഞ്ഞു: ഇതു നിൻെറ അധരങ്ങളെ സ്പർശിച്ചിരിക്കുന്നു. നിൻെറ മാലിന്യം നീക്കപ്പെട്ടു; നിൻെറ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു. അതിനുശേഷം കർത്താവ് അരുളിച്ചെയ്യുന്നതു ഞാൻ കേട്ടു: ആരെയാണ് ഞാൻ അയയ്ക്കുക? ആരാണ് നമുക്കു വേണ്ടി പോവുക? അപ്പോൾ ഞാൻ പറഞ്ഞു: ഇതാ ഞാൻ ! എന്നെ അയച്ചാലും!

കർത്താവിന്റെ വചനം.

## പ്രതിവചനസങ്കീർത്തനം

### (138 : 1-2a, 2bc-3, 4-5, 7c-8)

### മാലാഖമാരുടെ മുൻപിൽ ഞാൻ അങ്ങയെ പാടിപ്പുകഴ്ത്തും

കർത്താവേ, ഞാൻ പൂർണഹൃദയത്തോടെ അങ്ങേക്കു നന്ദി പറയുന്നു; ദേവൻമാരുടെ മുൻപിൽ ഞാൻ അങ്ങയെ പാടിപ്പുകഴ്ത്തും. ഞാൻ അങ്ങയുടെ വിശുദ്ധ മന്ദിരത്തിനു നേരേ ശിരസ്സു നമിക്കുന്നു;

**മാലാഖമാരുടെ ......**

അങ്ങയുടെ കാരുണ്യത്തെയും വിശ്വസ്തതയെയും ഓർത്ത് അങ്ങേക്കു നന്ദിപറയുന്നു; അങ്ങയുടെ നാമവും വാഗ്ദാനവും അത്യുന്നതമാണ്. ഞാൻ വിളിച്ചപേക്ഷിച്ച നാളിൽ അവിടുന്ന് എനിക്ക് ഉത്തരമരുളി; അവിടുന്ന് എൻെറ ആത്മാവിൽ ധൈര്യം പകർന്ന് എന്നെ ശക്തിപ്പെടുത്തി.

**മാലാഖമാരുടെ ......**

കർത്താവേ, ഭൂമിയിലെ സകലരാജാക്കൻമാരും അങ്ങയെ പ്രകീർത്തിക്കും; എന്തെന്നാൽ, അവർ അങ്ങയുടെ വാക്കുകൾ കേട്ടിരിക്കുന്നു. അവർ കർത്താവിൻെറ മാർഗങ്ങളെക്കുറിച്ചു പാടും; എന്തെന്നാൽ, കർത്താവിൻെറ മഹത്വം വലുതാണ്.

**മാലാഖമാരുടെ ......**

അവിടുത്തെ വലത്തുകൈ എന്നെ രക്ഷിക്കും. എന്നെക്കുറിച്ചുള്ള തൻെറ നിശ്ചയം കർത്താവു നിറവേറ്റും; കർത്താവേ, അവിടുത്തെ കാരുണ്യം അനന്തമാണ്; അങ്ങയുടെ സൃഷ്ടിയെ ഉപേക്ഷിക്കരുതേ!

**മാലാഖമാരുടെ ......**

## രണ്ടാം വായന

### വി. പൗലോസ് അപ്പസ്തോലൻ കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽനിന്ന് (15 : 1-11)

*(ഇതാണ് ഞങ്ങൾ പ്രസംഗിക്കുന്നതും നിങ്ങൾ വിശ്വസിച്ചതും)*

സഹോദരരേ, നിങ്ങൾ സ്വീകരിച്ചതും നിങ്ങളുടെ അടിസ്ഥാനമായി നിലകൊള്ളുന്നതും നിങ്ങൾക്കു രക്ഷപ്രദാനം ചെയ്തതുമായ സുവിശേഷം ഞാൻ എപ്രകാരമാണ് നിങ്ങളോടു പ്രസംഗിച്ചതെന്ന് ഇനി നിങ്ങളെ അനുസ്മരിപ്പിക്കാം. അതനുസരിച്ചു നിങ്ങൾ അചഞ്ചലരായി അതിൽ നിലനിന്നാൽ നിങ്ങളുടെ വിശ്വാസം വ്യർഥമാവുകയില്ല. എനിക്കു ലഭിച്ചതു സർവപ്രധാനമായി കരുതി ഞാൻ നിങ്ങൾക്ക് ഏൽപിച്ചുതന്നു. വിശുദ്ധ ലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ, ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരുന്നതുപോലെ മൂന്നാം നാൾ ഉയിർപ്പിക്കപ്പെടുകയും ചെയ്തു. അവൻ കേപ്പായ്ക്കും പിന്നീടു പന്ത്രണ്ടുപേർക്കും പ്രത്യക്ഷനായി. അതിനുശേഷം ഒരുമിച്ച് അഞ്ഞൂറിലധികം സഹോദരർക്കു പ്രത്യക്ഷനായി. അവരിൽ ഏതാനുംപേർ മരിച്ചുപോയി. മിക്കവരും ഇന്നും ജീവിച്ചിരിപ്പുണ്ട്. പിന്നീട് അവൻ യാക്കോബിനും, തുടർന്ന് മറ്റെല്ലാ അപ്പസ്തോലൻമാർക്കും കാണപ്പെട്ടു. ഏറ്റവും ഒടുവിൽ അകാലജാതന് എന്നതുപോലെ എനിക്കും അവിടുന്നു പ്രത്യ

ക്ഷനായി. ഞാൻ അപ്പസ്തോലൻമാരിൽ ഏറ്റവും നിസ്സാരനാണ്. ദൈവത്തിൻെറ സഭയെ പീഡിപ്പിച്ചതുനിമിത്തം അപ്പസ്തോലനെന്ന നാമത്തിനു ഞാൻ അയോഗ്യനുമാണ്. ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവകൃപയാലാണ്. എൻെറമേൽ ദൈവം ചൊരിഞ്ഞ കൃപ നിഷ്ഫലമായിപ്പോയിട്ടില്ല. നേരേമറിച്ച് മറ്റെല്ലാവരെയുംകാൾ അധികം ഞാൻ അധ്വാനിച്ചു. എന്നാൽ, ഞാനല്ല എന്നിലുള്ള ദൈവകൃപയാണ് അധ്വാനിച്ചത്. അതുകൊണ്ട്, ഞാനോ അവരോ, ആരുതന്നെയായാലും ഇതാണ് ഞങ്ങൾ പ്രസംഗിക്കുന്നതും നിങ്ങൾ വിശ്വസിച്ചതും.

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** (Mt. 4 : 19) കർത്താവ് അരുളിച്ചെയ്യുന്നു: എന്നെ അനുഗമിക്കുക; ഞാൻ നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കും - അല്ലേലൂയാ!

## സുവിശേഷം

### ലൂക്കായുടെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന (5 : 1-11)

*(സകലവും ഉപേക്ഷിച്ച് അവർ യേശുവിനെ അനുഗമിച്ചു)*

ദൈവവചനം ശ്രവിക്കാൻ ജനങ്ങൾ അവനു ചുറ്റും തിങ്ങിക്കൂടി. അവൻ ഗനേസറത്തു തടാകത്തിൻെറ തീരത്തു നിൽക്കുകയായിരുന്നു. രണ്ടു വള്ളങ്ങൾ കരയോടടുത്ത് കിടക്കുന്നത് അവൻ കണ്ടു. മീൻ പിടിത്തക്കാർ അവയിൽ നിന്നിറങ്ങി വല കഴുകുകയായിരുന്നു. ശിമയോൻെറതായിരുന്നു വള്ളങ്ങളിൽ ഒന്ന്. യേശു അതിൽ കയറി. കരയിൽ നിന്ന് അൽപം അകലേക്കു വള്ളം നീക്കാൻ അവനോട് യേശു ആവശ്യപ്പെട്ടു. അതിൽ ഇരുന്ന് അവൻ ജനങ്ങളെ പഠിപ്പിച്ചു. സംസാരിച്ചു തീർന്നപ്പോൾ അവൻ ശിമയോനോടു പറഞ്ഞു: ആഴത്തിലേക്കു നീക്കി, മീൻ പിടിക്കാൻ വലയിറക്കുക. ശിമയോൻ പറഞ്ഞു: ഗുരോ, രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഞങ്ങൾക്ക് ഒന്നും കിട്ടിയില്ല. എങ്കിലും നീ പറഞ്ഞതനുസരിച്ച് ഞാൻ വലയിറക്കാം. വലയിറക്കിയപ്പോൾ വളരെയേറെ മത്സ്യങ്ങൾ അവർക്കു കിട്ടി. അവരുടെ വല കീറിത്തുടങ്ങി. അവർ മറ്റേ വള്ളത്തിൽ ഉണ്ടായിരുന്ന കൂട്ടുകാരെ ആംഗ്യം കാണിച്ച് സഹായത്തിനു വിളിച്ചു. അവർ വന്ന് രണ്ടു വള്ളങ്ങളും മുങ്ങാറാകുവോളം നിറച്ചു. ശിമയോൻപത്രോസ് ഇതു കണ്ടപ്പോൾ യേശുവിൻെറ കാൽക്കൽ വീണ്, കർത്താവേ, എന്നിൽ നിന്ന് അകന്നുപോകണമേ; ഞാൻ പാപിയാണ് എന്നു പറഞ്ഞു. എന്തെന്നാൽ, തങ്ങൾക്കു കിട്ടിയ മീനിൻെറ പെരുപ്പത്തെപ്പറ്റി ശിമയോനും കൂടെയുണ്ടായിരുന്നവരും അദ്ഭുതപ്പെട്ടു. അതുപോലെതന്നെ, അവൻെറ പങ്കുകാരായ സെബദീപുത്രന്മാർ- യാക്കോബും യോഹന്നാനും - വിസ്മയിച്ചു. യേശു ശിമയോനോടു പറഞ്ഞു: ഭയപ്പെടേണ്ടാ; നീ ഇപ്പോൾ മുതൽ മനുഷ്യരെപ്പിടിക്കുന്നവനാകും. വള്ളങ്ങൾ കരയ്ക്കടുപ്പിച്ചതിനു ശേഷം എല്ലാം ഉപേക്ഷിച്ച് അവർ അവനെ അനുഗമിച്ചു.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമ്മികൻ** : പ്രിയ സഹോദരരേ, ക്രിസ്തുനാഥന്റെ രക്ഷാകര ദൗത്യം തുടരുവാൻ നമ്മുടെ കുടുംബങ്ങളിൽ നിന്നും ധാരാളം ദൈവവിളികൾ ഉണ്ടാകുന്നതിനും, വിവിധങ്ങളായ നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടിയും സ്വർഗ്ഗസ്ഥനായ പിതാവിനോട് നമുക്ക് പ്രാർത്ഥിക്കാം.

1. സ്നേഹ പിതാവായ ദൈവമേ, തിരുസഭയെ നയിക്കുന്ന പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പയെയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനെയും, മറ്റെല്ലാ അജപാലകരെയും കാത്തുസംരക്ഷിക്കണമെ. വെല്ലുവിളികൾ നിറഞ്ഞ ഈ കാലഘട്ടത്തിൽ അങ്ങെ തിരുവിഷ്ടമനുസരിച്ച് ദൈവജനത്തെ നയിക്കുവാൻവേണ്ട വിശ്വാസ സ്ഥിരതയും, പ്രാർത്ഥനാ ചൈതന്യവും നൽകി ഇവരെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. എല്ലാം നന്മയ്ക്കായി തീർക്കുന്ന നാഥാ, തന്നോടൊപ്പമായിരിക്കുവാൻ വേണ്ടി ആദ്യ ശിഷ്യരെ തെരഞ്ഞെടുത്തുകൊണ്ട് ഓരോ ക്രൈസ്തവ വിശ്വാസിയുടെയും ദൗത്യം അങ്ങ് വെളിപ്പെടുത്തിയല്ലോ. അന്യോന്യം സ്നേഹിച്ചും, ക്ഷമിച്ചും, തെറ്റുകൾ തിരുത്തിയും, ഐക്യത്തിൽ ജീവിച്ചുകൊണ്ട് ഏൽപ്പിക്കപ്പെട്ട ദൗത്യം വിശ്വസ്തതയോടെ നിറവേറ്റുന്നവരാകാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. ദൈവവിളി എന്ന മഹാദാനത്തെ മനുഷ്യഹൃദയങ്ങളിൽ നിറയ്ക്കുന്ന നല്ല ദൈവമേ, എല്ലാ സമർപ്പിതരെയും അങ്ങെ കരങ്ങളിൽ സമർപ്പിക്കുന്നു. മനുഷ്യാത്മാക്കളെ നേടുവാനുള്ള ദാഹവും, തീക്ഷ്ണതയും ഇവരുടെ ഹൃദയങ്ങളിൽ നിറയ്ക്കണമെന്നും, ലോകമെങ്ങും അങ്ങയുടെ സുവിശേഷം പ്രഘോഷിക്കുവാൻ ധാരാളം ദൈവവിളികൾ ഞങ്ങളുടെ കുടുംബങ്ങളിൽ നിന്നും ഒരുക്കണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. സൗഖ്യദായകനായ ദൈവമേ, ശാരീരികവും, മാനസികവുമായ വേദന അനുഭവിക്കുന്നവരിലേയ്ക്കും, സാമ്പത്തിക ഞെരുക്കം മൂലം വിഷമിക്കുന്ന ഓരോ മക്കളിലേയ്ക്കും അങ്ങയുടെ ആത്മാവിനെ അയക്കാൻ തിരുമനസ്സാകണമെ. അതുവഴി വേദനകളിൽ നിന്ന് ആശ്വാസവും, രോഗങ്ങളിൽ നിന്ന് സൗഖ്യവും, കടബാധ്യതകളിൽ നിന്ന് മോചനവും സാധ്യമാക്കിക്കൊണ്ട് ഒരു പുതിയ ഉണർവ്വ് നൽകി ഇവരെ അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. കരുണാമയനായ ദൈവമേ, മരണം മൂലം ഞങ്ങളിൽ നിന്നും വേർപിരിഞ്ഞ് അങ്ങെ സന്നിധിയിൽ എത്തിച്ചേർന്ന ഞങ്ങളുടെ പ്രിയപ്പെട്ടവരുടെയും, ആരും പ്രാർത്ഥിക്കുവാനില്ലാത്ത ആത്മാക്കളുടെയുംമേൽ കരുണ തോന്നണമെ. അങ്ങെ സ്നേഹത്തെ മറന്ന് ഇവർ ചെയ്തുപോയ പാപങ്ങളെല്ലാം സദയം പൊറുക്കണമെന്നും, അങ്ങെ അനന്ത കാരുണ്യത്താൽ നിത്യജീവനിലേയ്ക്ക് ഇവരെ കൈപിടിച്ചുയർത്തണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ** : ദൈവമേ, ഭൂമി മുഴുവനും അവിടുത്തെ മഹത്വം നിറഞ്ഞു നിൽക്കുന്നതിനും, അങ്ങയുടെ നാമം പ്രഘോഷിക്കുന്നതിനും, അങ്ങ് മാത്രം പരിശുദ്ധൻ എന്ന് ഏറ്റുപറയുന്നതിനും ഞങ്ങളുടെ അധരങ്ങളെ ശക്തിപ്പെടുത്തണമെ.

ഞങ്ങളുടെ കർത്താവായ........

തയ്യാറാക്കിയത് : സി. ബിന്ദു SFN

ഗാനങ്ങൾ തെരഞ്ഞെടുത്തത്: സി. ഹെലീന ആൽബി A. S. A.

## പ്രവേശന ഗാനം

സമയമായ് പൂജാ സമയമായ്
പ്രകാശമായ് ഈശോ വരികയായ്
കാൽവരിക്കുന്നിലെ സ്നേഹയാഗം
കരളിൽ കാത്തു നാം അണഞ്ഞിടാം
(സമയമായ് .......)

ബലിവിരുന്നിനായ് നാഥാ അരികിൽ അണയുന്നു
കൃപ നുകർന്നിടുവാൻ സദയം വരം ചൊരിയണമേ (2)

പൂജാ സമയം സമാഗതമായ്
ഈശോ നാഥൻ ആഗതനായ്
കണ്ണീർത്തടങ്ങൾ തേൻതുള്ളിയാക്കും
ഹൃദയദു:ഖങ്ങൾ തൂമഞ്ഞായ് തീർക്കും
കാൽവരിയാഗത്തിൽ ചേർന്നീടാം
(സമയമായ് .......)

## കാഴ്ചവയ്പ് ഗാനം

സ്വർഗ്ഗരാജ്യം പണിതുയർത്തീടാൻ
സ്വർഗ്ഗത്തിൻ നാഥൻ വിളിച്ചിടുന്നു
സ്വന്തമായുള്ളതെല്ലാം ത്യജിക്കുന്നു
സർവ്വവും സമർപ്പണം ചെയ്തിടുന്നു
(സ്വർഗ്ഗരാജ്യം.....)

സ്വീകരിക്കൂ.... സ്വീകരിക്കൂ....
സർവ്വാധിനാഥാ സ്വീകരിക്കൂ.... (2)

ഗനേസറത്തിൻ കടൽക്കരയിൽ
മാനവ മനസ്സേ വിളിച്ചുണർത്തി...
സമൃദ്ധിയിലും സമർപ്പിതരായിടാൻ (2)
സർവ്വം ത്യജിച്ചവർ ശൂന്യരായി
ഞങ്ങളും ആ പാതയിലൂടിതാ
അർച്ചനയായ് ദേവാ സ്വീകരിച്ചാലും (സ്വർഗ്ഗരാജ്യം.....)

## ദിവ്യകാരുണ്യ ഗാനം

ഹാ... ഹാ... ഹാ... ഹാലേലുയ്യാ
ഹാ... ഹാ... ഹാ... ഹാലേലുയ്യാ
ഹാ... ഹാ... ഹാ... ഹാലേലുയ്യാ
ഹാ... ഹാ... ഹാ... ഹാലേലുയ്യാ (2)

പരിശുദ്ധൻ മഹോന്നത ദേവൻ
പരമെങ്ങും വിളങ്ങും മഹേശൻ
സ്വർഗീയ സൈന്യങ്ങൾ വാഴ്ത്തിസ്തുതിക്കുന്ന
സ്വർലോക നാഥനാം മിശിഹാ (പരിശുദ്ധൻ......)

(ഹാ... ഹാ... ഹാ... ഹാലേലുയ്യാ.....)

അവൻ അത്ഭുത മന്ത്രിയാം ദൈവം
നിത്യ താതനാം വീരനാം ദൈവം
ഉന്നത ദേവൻ നീതിയിൻ സൂര്യൻ
രാജാധി രാജനാം മിശിഹാ (2)

(ഹാ... ഹാ... ഹാ... ഹാലേലുയ്യാ.....)

കോടാകോടി തൻ ദൂത സൈന്യവുമായ്
മേഘരൂഢനായ് വരുന്നിതാ നിറവിൽ
തൻ പ്രിയ സുതരെ തന്നോട് ചേർപ്പാൻ
വേഗം വരുന്നേശു മിശിഹാ (2)
ഹാ... ഹാ... ഹാ... ഹാല്ലേലുയ്യ

(ഹാ... ഹാ... ഹാ... ഹാലേലുയ്യാ.....)

| Feb | വിശുദ്ധർ | വായനകൾ |
|---|---|---|
| 10 Mon | St. Scholastica | Gen 1: 1-19/ Ps 104: 1-2a. 5-6. 10 and 12. 24 and 35c/ Mk 6: 53-56 |
| 11 Tue | St. Paschal | Gen 1: 20-- 2: 4a/ Ps 8: 4-5. 6-7. 8-9/ Mk 7: 1-13 |
| 12 Wed | St. Buonfiglio Monaldo | Gen 2: 4b-9. 15-17/ Ps 104: 1-2a. 27-28. 29bc-30/ Mk 7: 14-23 |
| 13 Thu | St. Catherine de Ricci | Gen 2: 18-25/ Ps 128: 1-2. 3. 4-5/ Mk 7: 24-30 |
| 14 Fri | Sts. Cyril, Monk & Methodius | Gen 3: 1-8/ Ps 32: 1-2. 5. 6. 7/ Mk 7: 31-37 |
| 15 Sat | St. Walfrid | Gen 3: 9-24/ Ps 90: 2. 3-4. 5-6. 12-13/ Mk 8: 1-10 |




Sunday
വെർബും ദോമിനിയുടെ
പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം
താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ

**Radio Maria Association**
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor


Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.